Draft #1 of File 38770/AC B7/1/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 11-Oct-2019 08:02 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

എറണാകുളം മഹാരാജാസ് കോളേജ്(സ്വയംഭരണം)- കോളേജ് ഗവേർണിംഗ് കൗൺസിൽ അംഗമായിരുന്ന സർവ്വകലാശാല പ്രതിനിധി ഡോ. ജയചന്ദ്രൻ.കെ. സർവ്വകലാശാല സിൻഡിക്കേറ്റ് സമിതിയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടതിനെ തുടർന്നുണ്ടായ ഒഴിവിലേക്ക് പ്രൊഫ.എം.എസ്.ജിഷ , സ്കൂൾ ഓഫ് ബയോസയൻസസ്, മഹാത്മാഗാന്ധി സർവ്വകലാശാല-യെ നാമനിർദ്ദേശം ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 7 സെക്ഷൻ**

നമ്പർ. 4828/AC B 7/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 14.10.2019

---

പരാമർശം:-1.സ.യു.നം. 995/2/ACBVII/2018 തീയതി 15.02.2018
2. ഡോ. ജയചന്ദ്രൻ.കെ-യുടെ 05/10/2019-ലെ കത്ത്

**ഉത്തരവ്**

പരാമർശം (1) പ്രകാരം മഹാരാജാസ് കോളേജ് എറണാകുളത്തിന്റെ ഗവേർണിംഗ് കൗൺസിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട സർവ്വകലാശാല പ്രതിനിധി ഡോ. ജയചന്ദ്രൻ. കെ മഹാത്മാഗാന്ധി സർവ്വകലാശാലാ സിൻഡിക്കറ്റ് സമിതിയിലേയ്ക്ക് തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ളതിനാൽ കോളേജ് ഗവേർണിംഗ് കൗൺസിലിലെ സർവ്വകലാശാല പ്രതിനിധിയുടെ ചുമതലയിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ബഹു.വൈസ് ചാൻസിലർക്ക് കത്ത് സമർപ്പിച്ചിരുന്നു. ഈ അപേക്ഷ പരിഗണിച്ച ബഹു.വൈസ് ചാൻസിലർ എറണാകുളം മഹാരാജാസ് കോളേജിന്റെ ഗവേർണിംഗ് കൗൺസിലിലെ സർവകലാശാലാ പ്രതിനിധിയായ ഡോ .കെ ജയചന്ദ്രനെ പ്രസ്തുത അംഗത്വത്തിൽനിന്ന് ഒഴിവാക്കുകയും പകരം ഡോ. എം.എസ്. ജിഷ (പ്രൊഫസർ, സ്കൂൾ ഓഫ് ബയോസയൻസസ്, മഹാത്മാഗാന്ധി സർവകലാശാല) യെ പ്രസ്തുത പദവിയിലേക്ക് നിയമിക്കുകയും ചെയ്തു.

കോളേജ് ഗവേർണിംഗ് കൗൺസിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെട്ട സർവ്വകലാശാല പ്രതിനിധിയുടെ കാലാവധി മഹാത്മാഗാന്ധി സർവ്വകലാശാല ആക്റ്റ് (മൂന്നാം ഭേദഗതി), 2014-ലെ വകുപ്പ് 111(3)(c) പ്രകാരമാണ്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബൈജു എൻ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ, പ്രൊ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2.രജിസ്ട്രാർ, ഫിനാൻസ് ഓഫീസർ, പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ.മാർ
3.ഡോ. ജയചന്ദ്രൻ.കെ. (പ്രൊഫസർ, സ്കൂൾ ഓഫ് ബയോസയൻസസ്, മഹാത്മാഗാന്ധി സർവ്വകലാശാല)
4.പ്രൊ.എം.എസ്.ജിഷ (പ്രൊഫസർ, സ്കൂൾ ഓഫ് ബയോസയൻസസ്, മഹാത്മാഗാന്ധി സർവ്വകലാശാല
5.പ്രിൻസിപ്പൽ, മഹാരാജാസ് കോളേജ് എറണാകുളം
6.ജോയിൻറ് രജിസ്ട്രാർ II (ഭരണവിഭാഗം)
7.ഡെപ്യൂട്ടി രജിസ്ട്രാർII (അക്കാദമിക്)
8.അസിസ്റ്റൻറ് രജിസ്ട്രാർ IV/അസിസ്റ്റൻറ് രജിസ്ട്രാർ (പരീക്ഷ 22)
9.ഏസി.സി. സെക്ഷൻ
10.പി.ആർ.ഒ/ കണ്ടൻറ് മാനേജ്മെൻറ് സെക്ഷൻ / ഐ.ക്യൂ.എ.സി.
11.ഇ.ഐ.36 സെക്ഷൻ / ഇ.ഐ.38 സെക്ഷൻ/ഇ.ഐ.39

Draft #1 of File 38770/AC B7/1/2019/AC B 7 Approved by ASSISTANT REGISTRAR IV (ACADEMIC) on 11-Oct-2019 08:02 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം